ഹദീസ്

ഡോ. കെ. മുഹമ്മദ് പാണ്ടിക്കാട്

# ഇഹലോകത്തെ രക്ഷാ ശിക്ഷകൾ

عَنْ أَنَسٍ قَالَ: قَالَ رَسُولُ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: إِذَا أَرَادَ اللَّهُ بِعَبْدِهِ الخَيْرَ عَجَّلَ لَهُ العُقُوبَةَ فِي الدُّنْيَا ، وَإِذَا أَرَادَ اللَّهُ بِعَبْدِهِ الشَّرَّ أَمْسَكَ عَنْهُ بِذَنْبِهِ، حَتَّى يُوَافِيَ بِهِ يَوْمَ القِيَامَةِ .(الترمذي)

**അനസ് (റ) പറഞ്ഞു. അല്ലാഹുവിന്റെ റസൂൽ (സ) ഇങ്ങനെ പറഞ്ഞിരിക്കുന്നു: 'അല്ലാഹു തന്റെ ഒരു ദാസന് നന്മ ഉദ്ദേശിച്ചാൽ ദുൻയാവിൽ ശിക്ഷകൾ ഉടനെ നൽകുന്നു. ഒരാൾക്ക് തിന്മയാണ് ഉദ്ദേശിച്ചതെങ്കിൽ അവന്റെ തിന്മകൾക്കുള്ള ശിക്ഷ ഉടനെ നൽകാതെ മാറ്റിവെക്കുകയും അന്ത്യദിനത്തിൽ പൂർണമായി നൽകുകയും ചെയ്യുന്നു.' (തിർമിദി)**

അല്ലാഹു തന്റെ ദാസൻമാരിൽ നിന്ന് സംഭവിക്കുന്ന തിന്മകളുടെ കാര്യത്തിൽ സ്വീകരിക്കുന്ന നിലപാടുകളാണ് ഈ ഹദീസിൽ വ്യക്തമാക്കുന്നത്.

തെറ്റുകൾ പ്രവർത്തിക്കുന്നവരോട് രണ്ട് തരം നടപടികളാണ് അല്ലാഹു സ്വീകരിക്കുക: ഒന്ന്, ആ തെറ്റുകൾക്കുള്ള ശിക്ഷ ഭൗതിക ലോകത്ത് വെച്ച് തന്നെ നൽകുക. ആപത്തുകളുടെയും പരീക്ഷണങ്ങളുടെയും രൂപത്തിലാണ് അവ സംഭവിക്കുക. ഇത് കുറ്റവാളിയുടെ ഭൗതിക ജീവിതം ദുസ്സഹമാക്കുമെങ്കിലും പാരത്രിക ലോകത്തെ ശിക്ഷയിൽ നിന്ന് മുക്തമാവുന്നതിനാൽ അവനത് നന്മയായാണ് ഭവിക്കുക.

ഭൗതിക ലോകത്ത് ഒരു ശിക്ഷയും നൽകാതെ തിന്മകളുടെ മുഴുവൻ ശിക്ഷയും പരലോകത്തേക്ക് മാറ്റിവെക്കുന്ന നിലപാടാണ് രണ്ടാമത്തേത്. എത്ര തന്നെ തെറ്റുകൾ ചെയ്താലും ദുൻയാവിൽ യാതൊരു ക്ലേശവും ബുദ്ധിമുട്ടുമില്ലാതെ സന്തോഷത്തിലും ആനന്ദത്തിലുമാണ് ഇത്തരക്കാരെ ജീവിപ്പിക്കുക. എന്നാൽ, പരലോകത്ത് എല്ലാ തെറ്റുകളുടെയും ശിക്ഷകൾ ഒന്നിച്ച് അനുഭവിക്കേണ്ടി വരുന്നതോടെ അത്യധികം ദാരുണമായ പരലോക ജീവിതമാണ് ഇവർക്കുണ്ടാവുക. ഇതിൽ ആദ്യത്തേത് സൽക്കർമികളുടെയും രണ്ടാമത്തേത് ദുഷ്കർമികളുടെയും കാര്യത്തിലാണ് അല്ലാഹു അധികവും സ്വീകരിക്കാറുള്ളത്. ഇതാണ് അല്ലാഹുവിന്റെ റസൂൽ (സ) മുകളിലെ ഹദീസിലൂടെ പഠിപ്പിക്കുന്നത്.

ഈ യാഥാർഥ്യം തിരുദൂതർ (സ) സ്വഹാബാക്കളെ ഇടക്കിടെ ഓർമിപ്പിക്കാറുണ്ടായിരുന്നു: 'അതിനാൽ, അണുത്തൂക്കം നന്മ ചെയ്തവൻ അത് കാണും. അണുത്തൂക്കം തിന്മ ചെയ്തവൻ അതും കാണും' (99: 7,8) എന്ന ഖുർആനിക വാക്യം അവതരിക്കുമ്പോൾ അബൂബക്ർ (റ)

**"**

**തെറ്റുകൾ പ്രവർത്തിക്കുന്നവരോട് രണ്ട് തരം നടപടികളാണ് അല്ലാഹു സ്വീകരിക്കുക: ഒന്ന്, ആ തെറ്റുകൾക്കുള്ള ശിക്ഷ ഭൗതിക ലോകത്ത് വെച്ച് തന്നെ നൽകുക. ആപത്തുകളുടെയും പരീക്ഷണങ്ങളുടെയും രൂപത്തിലാണ് അവ സംഭവിക്കുക. ഭൗതിക ലോകത്ത് ഒരു ശിക്ഷയും നൽകാതെ തിന്മകളുടെ മുഴുവൻ ശിക്ഷയും പരലോകത്തേക്ക് മാറ്റിവെക്കുന്ന നിലപാടാണ് രണ്ടാമത്തേത്.**

നബി(സ)യുമൊത്ത് ഭക്ഷണം കഴിക്കുകയായിരുന്നു. അദ്ദേഹം ഭക്ഷണത്തിൽനിന്ന് കൈവലിച്ചുകൊണ്ട് നബി(സ)യോടു ചോദിച്ചു: 'തിരുദൂതരേ, എന്നിൽനിന്നുണ്ടായിട്ടുള്ള അണുഅളവ് തിന്മയുടെ ഫലവും ഞാൻ കാണുമെന്നോ?'

തിരുമേനി: 'അബൂബക്ർ, ഈ ലോകത്ത് താങ്കൾക്ക് അരോചകമായി അനുഭവപ്പെട്ടിട്ടുള്ള ഏതു കാര്യവും താങ്കളിൽനിന്നു വന്നുപോയിട്ടുള്ള ആ അണുഅളവ് തിന്മകൾക്കു പകരമാകുന്നു. താങ്കളിൽനിന്നുണ്ടായിട്ടുള്ള അണുഅളവായ നന്മകളാവട്ടെ, അല്ലാഹു പരലോകത്ത് താങ്കൾക്കുവേണ്ടി സൂക്ഷിച്ചുവെക്കുന്നു.' (ഇബ്നു ജരീർ, ത്വബ്റാനി)

മറ്റൊരിക്കൽ നബി(സ) പ്രസ്താവിച്ചതായി ഹ. അബൂ അയ്യൂബൽ അൻസ്വാരിയിൽനിന്ന് ഇബ്നു മർദവൈഹി ഉദ്ധരിക്കുന്നു: 'നിങ്ങളിലൊരാൾ നന്മ പ്രവർത്തിച്ചാൽ അതിന്

പ്രതിഫലം പരലോകത്താണ്. ഒരുവൻ വല്ല തിന്മയും പ്രവർത്തിക്കുകയാണെങ്കിൽ അതിന്റെ ശിക്ഷ ആപത്തുകളുടെയും രോഗങ്ങളുടെയും രൂപത്തിൽ ഈ ലോകത്തുവെച്ചുതന്നെ അനുഭവിക്കേണ്ടിവരും.'

സത്യ നിഷേധികളുടെ സൽപ്രവർത്തനങ്ങൾക്കുള്ള പ്രതിഫലം ഈ ലോകത്ത് വെച്ചാണ് നൽകുകയെന്നും പരലോകത്ത് അതിന് യാതൊരു പ്രതിഫലവും ലഭിക്കുകയില്ലെന്നും അല്ലാഹു തന്നെ വ്യക്തമാക്കുന്നുണ്ട്:

'അപ്പോൾ അവർ പ്രവർത്തിച്ചിരുന്ന കർമങ്ങളുടെ നേരെ നാം തിരിയും. അങ്ങനെ നാമവയെ ചിതറിയ പൊടിപടലങ്ങളാക്കും.' (25:23)

ഇക്കാര്യം പ്രവാചകൻ (സ) ഇപ്രകാരം വ്യക്തമാക്കി:

ഹ. അനസിൽ നിന്ന് ഖതാദ നിവേദനം ചെയ്തതായി ഇബ്നു ജരീർ ഉദ്ധരിക്കുന്നു: 'അല്ലാഹു സത്യവിശ്വാസിയോട് അനീതി ചെയ്യുകയില്ല. മുഅ്മിനിന്റെ നൻമകൾക്ക് പകരമായി അവൻ ഇഹലോകത്ത് ഭൗതിക വിഭവങ്ങൾ നൽകുന്നു. അതോടൊപ്പം പരലോകത്ത് പ്രതിഫലവും നൽകുന്നു. അവിശ്വാസിക്കാകട്ടെ, ഇഹലോകത്ത് വെച്ചുതന്നെ അവന്റെ നൻമകൾക്കുള്ള പ്രതിഫലം നൽകുന്നു. പിന്നെ അന്ത്യനാളാകുമ്പോൾ അവന്റെ കണക്കിൽ ഒരു നന്മയും ബാക്കിയുണ്ടാവില്ല.'

മറ്റൊരു ഹദീസിൽ നിന്ന് ഇക്കാര്യം കൂടുതൽ വ്യക്തമാവും: ആഇശ(റ) പറയുന്നു. മസ്റൂഖ് (റ) നബി(സ)യോട് ചോദിച്ചു: 'അബ്ദുല്ലാഹിബ്നു ജുദ്ആൻ ജാഹിലിയ്യാ കാലത്ത് ഉദാരമായ കുടുംബബന്ധങ്ങൾ പുലർത്തിയിരുന്നു. പാവങ്ങൾക്ക് അന്നം കൊടുത്തിരുന്നു. അതിഥികളെ ആദരിച്ചിരുന്നു. ബന്ധനസ്ഥരെ മോചിപ്പിച്ചിരുന്നു. ഇതൊക്കെ അയാൾക്ക് പരലോകത്ത് പ്രയോജനപ്പെടുമോ?' തിരുമേനി പറഞ്ഞു: 'ഇല്ല, അദ്ദേഹം മരിക്കുന്നതുവരെ رَبِّ اغْفِرْ لِي خَطِيئَتِي يَوْمَ الدِّينِ (നാഥാ, എന്റെ തെറ്റുകൾ വിചാരണാനാളിൽ നീ പൊറുത്തു തരേണമേ) എന്നു പ്രാർഥിച്ചിട്ടില്ലല്ലോ.' (മുസ്‌ലിം)

ജാഹിലിയ്യാ കാലത്ത് സൽക്കർമങ്ങൾ ചെയ്യുകയും എന്നാൽ, സത്യനിഷേധത്തിലും ബഹുദൈവ വിശ്വാസത്തിലുംതന്നെ മരിച്ചുപോവുകയും ചെയ്ത മറ്റു ചിലരെ സംബന്ധിച്ചും നബി(സ) ഇതേ രീതിയിലുള്ള മറുപടിതന്നെയാണ് നൽകിയിട്ടുള്ളത്.

എന്നാൽ, സത്യനിഷേധികളുടെ സൽക്കർമങ്ങൾ അവരെ നരകശിക്ഷയിൽനിന്നു മുക്തരാക്കുകയില്ലെങ്കിലും ധിക്കാരികളും അക്രമികളും തെമ്മാടികളും ദുഷ്ടരുമായ സത്യനിഷേധികളെയപേക്ഷിച്ച് ലഘുവായ ശിക്ഷയായിരിക്കും അവർക്കു നൽകപ്പെടുക എന്ന് വ്യക്തമാക്കുന്ന ചില ഹദീസുകളുണ്ട്. ഹാതിമുത്ത്വാഇയുടെ ദാനശീലം പരിഗണിച്ച് അദ്ദേഹത്തിന് ലഘുവായ പാരത്രിക ശിക്ഷയായിരിക്കും നൽകപ്പെടുക എന്ന് പ്രസ്താവിക്കുന്ന നബിവചനം ഇതിന് ഉദാഹരണമാണ് (*റൂഹുൽ മആനി*).

വിശ്വാസികളുടെ ഭൗതിക ജീവിതത്തിലുണ്ടാവുന്ന ദുരിതങ്ങളും പ്രയാസങ്ങളും, അവരറിഞ്ഞോ അറിയാതെയോ ചെയ്ത പാപങ്ങൾക്കുള്ള ശിക്ഷയായിരിക്കാം എന്ന് മനസ്സിലാക്കി ക്ഷമ പാലിക്കണമെന്നാണ് ഹദീസ് നൽകുന്ന പ്രധാന പാഠം. ●

**Integrated Education Council India (IECI**) is looking for the following personnel for immediate appointment.

1. **Team Leader (Higher Education Board for Islamiya Colleges):** Candidate should have PG degree in Arabic/Islamic subjects and 5 years of teaching experience in colleges. Exposure to the Majlis al Ta'leemil Islami system will be an added advantage. Coordination of various curricular and cocurricular activities in colleges will be the major task.
2. **Section Assistants (School):** B. Ed/M. Ed/MA Education. Minimum 5 years of teaching experience in schools. Major tasks involved: coordination of preparing textbooks, supervision of question paper preparation for various examinations, Supervision of school grading and coordinating the implementation of new preschool curriculum.
3. **Section Assistant (Madrasa):** Graduate with knowledge of Majlis al Ta'leemil Islami Madrasa system.
4. **Section Assistant (Heavens Preschool):** Graduate with a passion in preschool education and knowledge in Arabic.
5. **System Assistant:** Graduate in any subject/Diploma in Engineering with working knowledge in installation and maintenance of digital equipment.
6. **Driver cum attendant**

Though based at Calicut, intermittent travel and overnight stays form the part of job for all positions.

Salary commensurate with experience. Age upto 50 years.

Please send your resume with a covering letter specifying the post applied for to **iecicalicut@gmail.com** before **Thursday, 25th August 2022.**